Published on 6.2.2016

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 390

# 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 390

# 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ

147/2016.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 390

# 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ

## 1961-ലെ കേരള ഭൂനികുതി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1961-ലെ കേരള ഭൂനികുതി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കുവേണ്ടി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ ഇനിപറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2014 സെപ്റ്റംബർ 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 6-ാം വകുപ്പിനുള്ള ഭേദഗതി.—1961-ലെ കേരള ഭൂനികുതി ആക്റ്റിലെ (1961-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) 7-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, 5-ാം വകുപ്പ് പ്രകാരം പ്രതിവർഷം ചുമത്തപ്പെടുന്നതും ഈടാക്കുന്നതുമായ അടിസ്ഥാന നികുതി താഴെ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കുകളിൽ ആയിരിക്കുന്നതാണ്:

### പട്ടിക

I. പഞ്ചായത്ത് പ്രദേശങ്ങളിൽ:

| | |
|---|---|
| 8 ആർ വരെ | .. ഓരോ ആറിനും 1 രൂപ |
| 2 ഹെക്ടർ വരെ | .. ഓരോ ആറിനും 2 രൂപ |
| 2 ഹെക്ടറിനു മുകളിൽ | .. 400 രൂപയും രണ്ട് ഹെക്ടറിൽ അധികം വരുന്ന ഭൂമിക്ക് ഓരോ ആറിനും 5 രൂപ വീതവും |

II. ടൗൺ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ പ്രദേശങ്ങളിൽ:

| | | |
|---|---|---|
| 3 ആർ വരെ | .. | ഓരോ ആറിനും 2 രൂപ |
| 2 ഹെക്ടർ വരെ | .. | ഓരോ ആറിനും 4 രൂപ |
| 2 ഹെക്ടറിനു മുകളിൽ | .. | 800 രൂപയും രണ്ട് ഹെക്ടറിൽ അധികം വരുന്ന ഭൂമിക്ക് ഓരോ ആറിനും 10 രൂപ വീതവും |

III. മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ:

| | | |
|---|---|---|
| 2 ആർ വരെ | .. | ഓരോ ആറിനും 4 രൂപ |
| 2 ഹെക്ടർ വരെ | .. | ഓരോ ആറിനും 8 രൂപ |
| 2 ഹെക്ടറിനു മുകളിൽ | .. | 1,600 രൂപയും രണ്ട് ഹെക്ടറിൽ അധികം വരുന്ന ഭൂമിക്ക് ഓരോ ആറിനും 20 രൂപ വീതവും |

കുറിപ്പ്:—2014 സെപ്റ്റംബർ 30-ാം തീയതിയോ അതിനുശേഷമോ നൽകിയിട്ടുള്ള ഏതെങ്കിലും അധിക നികുതി, ഭാവിയിൽ നൽകേണ്ടതായ നികുതി തുകയിലേക്ക് വകകൊള്ളിക്കാവുന്നതാണ്.".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ഓർഡിനൻസ് (2016-ലെ 2) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിലേക്കുള്ള അധിക ധനസമാഹരണത്തിനുള്ള നടപടികളുടെ ഭാഗമായി 1961-ലെ കേരള ഭൂനികുതി ആക്റ്റ് (1961-ലെ 13) 2014-ലെ കേരള നികുതി ചുമത്തൽ (ഭേദഗതി) ആക്റ്റ് (2015-ലെ 1) പ്രകാരം ഭേദഗതി ചെയ്തിരുന്നു. പ്രസ്തുത ഭേദഗതി ആക്റ്റ് പ്രകാരം ചുമത്തപ്പെടുന്നതും ഈടാക്കുന്നതുമായ അടിസ്ഥാന നികുതി പഞ്ചായത്ത് പ്രദേശങ്ങളിൽ ഒരു ആറിന് 5 രൂപയായും മുനിസിപ്പൽ കൗൺസിൽ/ടൗൺഷിപ്പ് പ്രദേശങ്ങളിൽ ഒരു ആറിന് 10 രൂപയായും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഒരു ആറിന് 20 രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി.

2. പ്രസ്തുത ആക്റ്റിന്റെ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരം അങ്ങനെയുള്ള ഭൂമിയിന്മേൽ ചുമത്തിയിട്ടുള്ളതും ഈടാക്കിയിട്ടുള്ളതുമായ അടിസ്ഥാന നികുതി പഞ്ചായത്ത് പ്രദേശത്ത് മൊത്തം ഭൂമിയുടെ വിസ്തീർണ്ണം 8.1 ആറിൽ കവിയാത്തിടത്ത് രണ്ട് രൂപ അൻപത് പൈസയും ടൗൺ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ പ്രദേശങ്ങളിൽ മൊത്തം ഭൂമിയുടെ വിസ്തീർണ്ണം 2.43 ആർ കവിയാത്തിടത്ത് അഞ്ച് രൂപയും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് മൊത്തം ഭൂമിയുടെ വിസ്തീർണ്ണം 1.62 ആറിൽ കവിയാത്തിടത്ത് പത്ത് രൂപയും ആകുന്നു.

3. അടിസ്ഥാന നികുതിയിൽ അപ്രകാരമുള്ള വർദ്ധനവ് സാധാരണ കർഷകരെ ദോഷകരമായി ബാധിക്കുന്നു എന്ന് സർക്കാർ കണ്ടെത്തുകയുണ്ടായി. ആയതിനാൽ സർക്കാർ, പഞ്ചായത്ത് പ്രദേശങ്ങളിൽ 8 ആർ വരെ ഓരോ ആറിനും 1 രൂപയും 2 ഹെക്ടർ വരെ ഓരോ ആറിനും 2 രൂപയും 2 ഹെക്ടറിനു മുകളിൽ 400 രൂപയും 2 ഹെക്ടറിൽ അധികം വരുന്ന ഭൂമിക്ക് ഓരോ ആറിനും 5 രൂപ വീതവും മുനിസിപ്പൽ കൗൺസിൽ, ടൗൺ പഞ്ചായത്ത് പ്രദേശങ്ങളിൽ 3 ആർ വരെ ഓരോ ആറിനും 2 രൂപയും 2 ഹെക്ടർ വരെ ഓരോ ആറിനും 4 രൂപയും 2 ഹെക്ടറിനു മുകളിൽ 800 രൂപയും 2 ഹെക്ടറിൽ അധികം വരുന്ന ഭൂമിക്ക് ഓരോ ആറിനും 10 രൂപ വീതവും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 2 ആർ വരെ ഓരോ ആറിനും 4 രൂപയും 2 ഹെക്ടർ വരെ ഓരോ ആറിനും 8 രൂപയും 2 ഹെക്ടറിനു മുകളിൽ 1,600 രൂപയും 2 ഹെക്ടറിൽ അധികം വരുന്ന ഭൂമിക്ക് ഓരോ ആറിനും 20 രൂപ വീതവും ചുമത്തുകയും ഈടാക്കുകയും ചെയ്യുന്ന രീതിയിൽ അപ്രകാരം വർദ്ധിപ്പിച്ച അടിസ്ഥാന നികുതിയിൽ, കുറവ് വരുത്തുന്നതിന് തീരുമാനിച്ചു. മേൽപ്പറഞ്ഞ ആവശ്യത്തിനായി 1961-ലെ കേരള ഭൂനികുതി ആക്റ്റ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2015-ലെ കേരള ഭൂനികുതി (ഭേദഗതി) ഓർഡിനൻസ്, 2015 ഒക്ടോബർ 3-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2015-ലെ 16-ാം നമ്പർ ഓർഡിനൻസായി 2015 ഒക്ടോബർ 3-ാം തീയതിയിലെ 2234-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിമൂന്നാം കേരള നിയമസഭ ബിൽ നമ്പർ 383 ആയി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും, ആയത് 2015 നവംബർ 30-ാം തീയതി ആരംഭിച്ച് 2015 ഡിസംബർ 17-ാം തീയതി അവസാനിച്ച അതിന്റെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

6. കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ഓർഡിനൻസ് (2016-ലെ 2) 2016 ജനുവരി 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2016 ജനുവരി 9-ാം തീയതിയിലെ 54-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2016-ലെ 2-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

അടൂർ പ്രകാശ്

(ശരിത്തർജ്ജമ)

## 1961-ലെ കേരള ഭൂനികുതി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ
## (1961-ലെ 13)

** ** ** **

6. അടിസ്ഥാന നികുതി നിരക്ക്.—(1) 7-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, 5-ാം വകുപ്പിൻകീഴിൽ ചുമത്തപ്പെടുന്നതും ഈടാക്കുന്നതുമായ അടിസ്ഥാന നികുതി ഓരോ ആറിനും ഓരോ വർഷവും പഞ്ചായത്ത് പ്രദേശങ്ങളിൽ അഞ്ച് രൂപയും മുനിസിപ്പൽ കൗൺസിൽ, ടൗൺ പഞ്ചായത്ത് പ്രദേശങ്ങളിൽ പത്ത് രൂപയും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഇരുപത് രൂപയും നിരക്കിൽ ആയിരിക്കുന്നതുമാണ്:

എന്നാൽ, ഒരു ഭൂമികൈവശക്കാരന്റെ കൈവശമുള്ള ഭൂമിയുടെ മൊത്തം വിസ്തീർണ്ണം പഞ്ചായത്ത് പ്രദേശങ്ങളിൽ 8.1 ആറിലും ടൗൺ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ പ്രദേശങ്ങളിൽ 2.43 ആറിലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 1.62 ആറിലും കവിയാത്തിടത്ത്, അങ്ങനെയുള്ള ഭൂമിയുടെമേൽ ചുമത്തുന്നതും ഈടാക്കുന്നതുമായ അടിസ്ഥാന നികുതി, ഓരോ ആറിനും ഓരോ വർഷവും പഞ്ചായത്ത് പ്രദേശങ്ങളിൽ രണ്ട് രൂപ അൻപത് പൈസയും ടൗൺ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ പ്രദേശങ്ങളിൽ അഞ്ച് രൂപയും കോർപ്പറേഷൻ പ്രദേശങ്ങളിൽ പത്ത് രൂപയും നിരക്കിൽ ആയിരിക്കുന്നതാണ്.

** ** ** **